ഘാടനം ചെയ്തത് കേന്ദ്ര കൃഷി സഹമന്ത്രി കെ.വി. തോമസായിരുന്നു. (ആ സമയത്ത് പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ മേശപ്പുറത്ത് അഭിപ്രായമറിയാനായി കിടക്കുന്നുണ്ടായിരുന്നു). പല ഭാഗത്ത് നിന്നും പ്രതിഷേധങ്ങൾ ഉയർന്നുവന്നെങ്കിലും, പ്ലാച്ചിമടയിലെ ജലം മലിനീകരിക്കുകയും അതിന് നഷ്ടപരിഹാരം കൊടുക്കാതിരിക്കുകയും ചെയ്യുന്ന കൊക്കക്കോള ആശുപത്രിയിൽ ശുദ്ധജലം വിതരണം ചെയ്യാനെത്തുന്നതിന്റെ കാപട്യം രാഷ്ട്രീയ സംവിധാനങ്ങൾ കണ്ടില്ലെന്ന് നടിച്ചു. സാങ്കേതിക കാരണങ്ങളാൽ മാത്രമാണ് കോള സ്ഥാപിച്ച ആ ശുദ്ധജല വിതരണ സംവിധാനം ഇപ്പോൾ പ്രവർത്തിക്കാത്തത് എന്നാണ് ആശുപത്രി വൃത്തങ്ങളിൽ നിന്നും അറിയാൻ കഴിയുന്നത്.

ഇങ്ങനെ പല രൂപങ്ങളിൽ, പല ഭാവങ്ങളിൽ, നഷ്ടമായ ഇമേജും സ്വാധീനശേഷിയും വീണ്ടെടുക്കാനാണ് കോള ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്ലാച്ചിമടയിലെ കുറ്റകൃത്യങ്ങളുടെ പേരിൽ കൊക്കക്കോള ശിക്ഷിക്കപ്പെടാതിരിക്കാൻ നമ്മുടെ ഭരണകേന്ദ്രങ്ങളിലെ പല ഉന്നതരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ തെളിവുകൾ പല വിധത്തിൽ ബോധ്യമായിക്കൊണ്ടിരിക്കുകയാണ്. ഈ സങ്കീർണ്ണാവസ്ഥകളെ മറികടന്ന്, കോർപ്പറേറ്റ് വാഴ്ചയ്ക്ക് തടയിടാൻ കഴിയുന്ന ക്ഷമത ഇന്നും പ്ലാച്ചിമട സമരത്തിൽ അവശേഷിക്കുന്നുണ്ട്. അത് തിരിച്ചറിയുന്ന കൊക്കക്കോള സമരത്തെ പരാജയപ്പെടുത്താൻ പല വഴികളിൽ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. കൊക്കക്കോളയുടെ ശ്രമങ്ങൾ വിഫലമാകുമെന്ന് തന്നെയാണ് പ്ലാച്ചിമടയ്ക്ക് വേണ്ടി ഉണർന്നിരിക്കുന്ന മനസ്സുകളുടെ ഉത്തമ ബോധ്യം. ■

**കൊക്കക്കോളയ്ക്ക് വിൽപ്പന നികുതിയിൽ ഇളവ്
അനുവദിക്കാനുള്ള തീരുമാനത്തോട് പ്രതികരിക്കുന്നു**

# നിയമലംഘകരെ സംരക്ഷിക്കുന്ന നടപടി

**എസ്. ഫെയ്സി**
(പ്ലാച്ചിമട ഉന്നതാധികാര സമിതി അംഗം)

**കൊക്കക്കോള** കമ്പനിക്ക് അഞ്ചേകാൽ കോടിയുടെ നികുതി ആനുകൂല്യം നൽകാൻ കേരള സർക്കാർ ഉത്തരവിറക്കിയ കാര്യം ഉത്കണ്ഠയുളവാക്കുന്നതും പ്രതിഷേധാർഹവുമാണ്. പ്ലാച്ചിമട പ്രദേശത്തെ മുഴുവൻ വീടുകളിലേക്കും പൈപ്പിട്ട് കുടിവെള്ളമെത്തിക്കാനും കമ്പനിയിൽ റിവേഴ്സ് ഓസ്മോസിസ് സിസ്റ്റം സ്ഥാപിച്ച് മലിനീകരണം ഒഴിവാക്കാനുമുള്ള സുപ്രീം കോടതി ഉത്തരവ് പാലിക്കാത്തതുകൊണ്ട് ശിക്ഷാനടപടിയായി സുപ്രീംകോടതി നിർദ്ദേശിച്ചത് പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അടച്ചുപൂട്ടിയതാണ് കൊക്കക്കോളയുടെ പ്ലാച്ചിമട പ്ലാന്റ്. ഒരു കുറ്റവാളി കമ്പനിക്ക് സർക്കാർ ആനുകൂല്യം നൽകുന്നത് ഇന്ത്യൻ ഭരണഘടനയോടുള്ള വെല്ലുവിളി മാത്രമായേ കണക്കാക്കാൻ കഴിയൂ.

കൊക്കക്കോള നടത്തിയ രൂക്ഷമായ ജലചൂഷണവും ജല, മണ്ണ് മലിനീകരണവും കേരള സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതി വിലയിരുത്തുകയും ഏറ്റവും കുറഞ്ഞത് 216 കോടിരൂപയുടെ വിനാശം പ്രസ്തുത കമ്പനി പെരുമാട്ടി, പട്ടഞ്ചേരി പഞ്ചായത്തുകളിൽ വരുത്തിവച്ചു എന്നു കണ്ടെത്തുകയും ചെയ്തതാണ്. ആ കമ്പനിക്ക് പൊതു ഖജനാവിൽ നിന്നും ആനുകൂല്യം അനുവദിക്കുമ്പോൾ അത് ജനങ്ങളോടുള്ള വെല്ലുവിളിയായി മാറുകയാണ്.

കേരള ചരിത്രത്തിലെ ഏറ്റവും വലുതും പ്രാതിനിധ്യമാർന്നതുമായ പ്രസ്തുത ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാനുള്ള നിയമം 2011 ഫെബ്രുവരി മാസം ഭരണപക്ഷവും പ്രതിപക്ഷവും സഹകരിച്ച് കേരള നിയമസഭ പാസാക്കിയതാണ്. ആ നിയമം പ്രാബല്യത്തിൽ വരാനിരിക്കെ കോള കമ്പനിക്ക് ആനുകൂല്യം നൽകുകവഴി സർക്കാർ നിയമസഭയെ അവഹേളിക്കുകയാണ് ചെയ്തത്.

സർക്കാർ വക്കീലന്മാരിൽ പലരും ഉദ്യോഗസ്ഥ വൃന്ദവുമായി ചേർന്ന് സർക്കാർ കേസുകൾ സ്വകാര്യ കമ്പനിക്ക് വേണ്ടി തോറ്റുകൊടുക്കുന്നതായുള്ള പരാതി നിലവിലുള്ള കാര്യം അറിയാമല്ലോ. ആ സാഹചര്യം വീണ്ടും ആവർത്തിക്കപ്പെടുകയാണിവിടെ. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന സംസ്ഥാനം കുറ്റവാളിയായ ബഹു



കൊക്കക്കോളയ്ക്ക് നൽകിയ നികുതി ഇളവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിന് മുന്നിൽ നടന്ന സമരം

രാഷ്ട്രകുത്തകയ്ക്ക് സാമ്പത്തികാനുകൂല്യം നൽകാൻ തുനിഞ്ഞത് ഹൈക്കോടതിയുടെ വിധി സുപ്രീംകോടതിയിൽ ചോദ്യം ചെയ്യാൻ പോലും തയ്യാറാകാതെയാണെന്നത് ദുരൂഹമാണ്.

ഇടതുപക്ഷ ഭരണകാലത്ത് വ്യവസായ വകുപ്പ് സെക്രട്ടറിയും വ്യവസായവകുപ്പ് മന്ത്രിയും കോളയെ പരസ്യമായി പിന്തുണച്ചിരുന്നു. യു.ഡി.എഫിന്റെ പിന്തുണയോടെ ട്രിബ്യൂണൽ നിയമം കേരള നിയമസഭ പാസാക്കിയ ദിവസം നിയമത്തെ എതിർത്തുകൊണ്ട് കമ്പനിയുടെ വാദം നിയമസഭയ്ക്ക് പുറത്ത് മാധ്യമങ്ങളോട് അവതരിപ്പിച്ച കെ.എം. മാണിയാണ് ഇപ്പോൾ ധനകാര്യ വകുപ്പ് ഭരിക്കുന്നത്. അതേ ധനകാര്യ വകുപ്പാണ് കമ്പനിക്ക് വേണ്ടി ആനുകൂല്യം നൽകിയിരിക്കുന്നത് എന്നത് കാര്യങ്ങളുടെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്നതാണ്.

നിയമവിരുദ്ധമായി നൽകിയ ആനുകൂല്യം ഉടനടി റദ്ദാക്കുകയും ഹൈക്കോടതി ഉത്തരവിനെതിരെ ഉചിതമായ വാദങ്ങളോടെ സുപ്രീംകോടതിയിൽ അപ്പീൽ പോകുകയും വേണം. നിയമലംഘകരായ, നമ്മുടെ നീതിന്യായ വ്യവസ്ഥയെ വെല്ലുവിളിക്കുന്ന, സംസ്ഥാന നിയമസഭയെപ്പോലും പരിഹസിക്കുന്ന കോളകമ്പനിയിൽ നിന്നുള്ള നികുതി കുടിശ്ശികകൾ യുദ്ധകാല അടിസ്ഥാനത്തിൽ പിരിച്ചെടുക്കാൻ സർക്കാർ തയ്യാറാകണം.

രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ച പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ തന്റെ വകുപ്പിൽ തങ്ങികിടക്കുകയാണെന്ന കാര്യം പോലും തനിക്കറിയില്ലെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി സുശീൽ കുമാർ ഷിൻഡെ പറഞ്ഞകാര്യം മാധ്യമങ്ങളിൽ വാർത്തയായി വന്നതാണ്. നിയമസഭയുടെ അന്തസ്സുകാക്കാൻ വേണ്ടിയെങ്കിലും ഉടൻ ഒരു സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തിലേക്ക് അയച്ച് ബില്ലിനുള്ള രാഷ്ട്രപതിയുടെ അംഗീകാരം ഉടൻ നേടിയെടുക്കുകയാണ് വേണ്ടത്. നിയമസഭ പാസാക്കി കേന്ദ്രത്തിലേക്ക് അയച്ച ബില്ലിന് അഞ്ച് മന്ത്രാലയങ്ങൾ വ്യക്തമായ അംഗീകാരം നൽകിക്കഴിഞ്ഞു. എന്നിട്ടും ഉത്തരവാദിത്തപ്പെട്ട കേന്ദ്ര ആഭ്യന്തര മന്ത്രാലയം ബില്ല് രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയയ്ക്കാത്തത് ഭരണഘടന പ്രക്രിയയോടുള്ള വെല്ലുവിളിയാണ്. ബില്ല് സ്വീകാര്യമാണെങ്കിൽ അത് രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയയ്ക്കുകയോ സ്വീകാര്യമല്ലെങ്കിൽ നിരാകരിച്ചുകൊണ്ട് കേരളത്തിലേക്ക് തിരിച്ചയയ്ക്കുകയോ ചെയ്യേണ്ടതാണ്. ഇത് രണ്ടും ചെയ്യാതെ കാലതാമസം വരുത്തുന്നത് ഭരണഘടനാലംഘനമാണ്. അവിടെയാണ് പ്ലാച്ചിമട സമരം പുതിയ മാനങ്ങളിലേക്ക് പോകേണ്ടുന്നതിന്റെ ആവശ്യകത ഉയർന്നുവരുന്നത്.

പ്ലാച്ചിമട പ്രശ്നത്തിനപ്പുറം ജനാധിപത്യ പ്രക്രിയ പുനഃസ്ഥാപിക്കാനുള്ള ഒരു പരിശ്രമം കൂടി സമരത്തിന്റെ ഭാഗമായുണ്ടാകണം. കേരളത്തിൽ എന്ത് സമരം ചെയ്താലും ഡൽഹിയിലെത്താത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഭൂമിശാസ്ത്രപരമായി മാത്രമല്ല, രാഷ്ട്രീയമായും ഡൽഹി നമ്മളിൽ നിന്നും ഏറെ ദൂരെയാണ്. അതിനാൽ പ്ലാച്ചിമട ട്രിബ്യൂണൽ യാഥാർത്ഥ്യമാക്കാൻ വേണ്ടിയുള്ള സമരം കേരളത്തിലും ഡൽഹിയിലും പ്രത്യേകം നടത്തേണ്ടിവരും. നിയമനിർമ്മാണസഭയുടെ അധികാരം ഉറപ്പിക്കാനും ജനാധിപത്യ പ്രക്രിയയെ സംരക്ഷിക്കാനും വേണ്ടിയുള്ള സമരങ്ങളാണ് ഇനി ഉയർന്നുവരേണ്ടത്. ■